# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4043 18.10.2011- ൽ മറുപടിനൽകേണ്ടത്.

## ഭൂമി വിലനിർണ്ണയത്തിലെ അപാകതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. എ.വാഹിദ്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അൻവർ സാദത്ത് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പുമന്ത്രി |
| (എ) ഭൂമിവില നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച പരാതികൾ ഗവൺമെന്റി ന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഇതിന് വേണ്ടി കൈക്കൊണ്ടിട്ടുള്ളത്;<br><br>(സി) ഇവ ഉടനടി പരിഹരിക്കുവാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകുമോ? | (ബി) & (സി)<br>ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീൽ സമർപ്പിക്കുവാനുള്ള കാലാവധി 30 ദിവസമായിരുന്നത് ഒരു വർഷമായി നീട്ടിക്കൊണ്ടും അപ്പീൽ സമർപ്പിക്കുവാനുണ്ടായ കാലതാമസത്തിനുള്ള കാരണം തൃപ്തികരമാണെന്ന് ജില്ലാകളക്ടർമാർക്ക് ബോധ്യപ്പെട്ടാൽ ഒരു വർഷത്തിനുശേഷം സമർപ്പിക്കുന്ന അപ്പീലും പരിഗണിക്കാവുന്നതാണെന്ന് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ